# INDIAN SCHOOL AL WADI AL KABIR

Mid Term Examination 2024 -25

**Malayalam**

Date: 17/09/2024 Time Allowed :2½ hours

Class: VII Maximum Marks: 80

---

* **Please check this question paper contains 5 printed pages and 14 questions.**

1) **താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 x ½ = 5)**

a) ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്ന കവി ആര് ?

( കുമാരനാശാൻ , എഴുത്തച്ഛൻ , ചെറുശ്ശേരി )

b) ശരീരത്തിൽ ഉണ്ടാകുന്ന നീരിന് ഫലപ്രദമായ ഔഷധമേത് ?

( തുളസി , മുക്കുറ്റി , തഴുതാമ )

c) കിങ്ങിണി ആരോടൊപ്പമാണ് മനസ്സില്ലാ മനസ്സോടെ തീറ്റ തേടിയിറങ്ങിയത് ?

( അമ്മയോടൊപ്പം , കൂട്ടുകാരോടൊപ്പം , സഹോദരങ്ങളോടൊപ്പം )

d) പൂജാകർമ്മങ്ങളിലും , വിവാഹചടങ്ങുകളിലും ഏറെ പ്രാധാന്യമുള്ള സസ്യമേത് ?

( വെറ്റില , പനിക്കൂർക്ക , നിലപ്പന )

e) കൊതുകുകൾക്കും മറ്റ് പ്രാണികൾക്കും ഭയമുള്ളത് എന്തിനെയാണ് ?

( കുട്ടികളെ , തവളകളെ , പാമ്പുകളെ )

f) 'ഔഷധ സസ്യങ്ങൾ ' എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?

( കഥ , ലേഖനം , കവിത )

g) പുറത്തേക്കിറങ്ങുമ്പോൾ ആരുടെ കണ്ണിൽപ്പെടാതെ നോക്കണമെന്നാണ് തള്ളക്കോഴി കിങ്ങിണിയോട് പറഞ്ഞത് ?

( ശത്രുക്കളുടെ , മിത്രങ്ങളുടെ , അയൽക്കാരുടെ )

h) ഓർമ്മശക്തി വർദ്ധിപ്പിക്കുന്നത് ഉപയോഗിക്കുന്ന ഔഷധ സസ്യമേത് ?

( ചെറൂള , കറുക , ബ്രഹ്മി )

i) പണ്ടുള്ളവരുടെ ആഹാരം എങ്ങനെയുള്ളതായിരുന്നു ?

( വിഷം പുരളാത്ത ഇലകൾ , ഫാസ്റ്റ് ഫുഡുകൾ , കൃത്രിമ നിറങ്ങൾ ചേർത്ത ആഹാരങ്ങൾ )

j) നമ്മുടെ സംസ്കാരം ഏറെ പവിത്രമായി കരുതുന്ന ചെടിയേത് ?

( ഉഴിഞ്ഞ , മുയൽച്ചെവിയൻ , തുളസി )

2) **അർത്ഥം എടുത്തെഴുതുക.** **(8x ½ = 4)**

a) ആശ്വസിപ്പിക്കുക ( സന്തോഷിപ്പിക്കുക , സമാധാനിപ്പിക്കുക സഹകരിക്കുക )

b) സമൃദ്ധം ( ശൂന്യം , സാവധാനം , സമ്പന്നം )

c) മഹത്വം ( മധുരം , മഹിമ , മനോഹരം )

d) കടാക്ഷം ( അനുഗഹം , അനുവാദം , അവസരം )

e) ചാതുരി ( കനിവ് , കിനാവ് , കഴിവ് )

f) അലസത ( മിടുക്ക് , മടി , പേടി )

g) പവിത്രം ( അശുദ്ധം , പരിശ്രമം , പരിശുദ്ധം )

h) ദ്രോഹിക്കുക ( ഉപദ്രവിക്കുക , സഹായിക്കുക , ഉപദേശിക്കുക )

3) **പര്യായപദങ്ങൾ എടുത്തെഴുതുക.** **(6 x 1 = 6)**

a) കല്ല് ( പാറ , ശാല , ശില , ശൈലം )

b) വൈകുന്നേരം ( പ്രഭാതം , പുലരി , പ്രദോഷം , സായാഹ്നം )

c) മന്ദിരം ( ഭവനം , ഭുവനം , ആനനം , വീട് )

d) മഴ ( സലിലം , മാരി , മുകിൽ , വർഷം )

e) ശരീരം ( മേനി , നയനം , തരു , തനു )

f) അർക്കൻ ( സൂര്യൻ , പവനൻ , മാരുതൻ , ആദിത്യൻ )

4) **ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(4x ½ = 2)**

a) ജലാഷയം / ജലാശയം / ജലാസയം

b) ശബല്ലാഭം / ശബലാഭം / ശബളാഭം

c) ദീർഘായുസ്സ് / ദീർക്കായുസ്സ് / ദീർഗായുസ്സ്

d) കടിനാധ്വാനം / കഠിനാധ്വാനം / കഢിനാധ്വാനം

5) **ബഹുവചനം എഴുതുക**. **(6 x ½ = 3)**

a) കുതിര b) ദിനം c) കുട്ടി

d) യാത്ര e) നക്ഷത്രം f) വീട്

6) **വിപരീതപദം എഴുതുക.** **(8 x ½ = 4)**

a) ഇഷ്ടം b) പഴയ c) ഗുണം d) ഭയം

e) നന്മ f) ആവശ്യം g) പൂർണം h) ശ്രമം

7) **ചേർത്തെഴുതുക.** **(8 x ½ = 4)**

a) രക്ഷ + ആയി b) പരിചയം + ഇല്ല c) വെറ്റില + ഉടെ

d) വൈകി + പോയി e) പാഠം + ആകണം f) കല്ല് + എടുത്ത്

g) ദേഷ്യം + ആയിരുന്നു h) പൂർണ്ണത + ഉള്ളു

8) **പിരിച്ചെഴുതുക.** **(8 x ½ = 4)**

a) അധികമായാൽ b) സുപരിചിതമാണ് c) തള്ളക്കോഴി

d) ചലനമറ്റ് e) രസമായി f) അവിടെയുള്ള

g) കൊത്തിയെടുത്ത് h) പതുങ്ങിപ്പതുങ്ങി

9) **കാലപ്രത്യയങ്ങൾ ചേർത്ത് എഴുതുക**. **(6x ½ = 3)**

| ഭൂതകാലം | വർത്തമാനകാലം | ഭാവികാലം |
|---|---|---|
| പഠിച്ചു | | |
| കണ്ടു | | |
| എടുത്തു | | |
| ചാടി | | |
| കരഞ്ഞു | | |
| പോയി | | |

10) **വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(2x 1 = 2)**

a) വിരിഞ്ഞ് / ധാരാളം / നിൽക്കുന്നുണ്ട് / ആമ്പലുകൾ / കുളത്തിൽ

b) നമ്മുടെ / വിവിധതരം / നാട് / സമ്പന്നമാണ് / ഔഷധസസ്യങ്ങളാൽ

11) കേരളത്തിലെ ഏതെങ്കിലും **8** ജില്ലകളുടെ പേര് മലയാളത്തിൽ എഴുതുക. **(4)**

12) ഏതെങ്കിലും **8** പച്ചക്കറികളുടെ പേര് മലയാളത്തിൽ എഴുതുക. **(4)**

13) **താഴെ തന്നിട്ടുള്ള ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**(10 x2½ = 25)**

a) എവിടെയെല്ലാമാണ് ഈശ്വരന്റെ ചിത്രചാതുരി കാണുന്നത് ?

b) പകൽ മുഴുവൻ കുളത്തിലെ തവളകൾ എന്താണ് ചെയ്യുന്നത് ?

c) അച്ഛൻ വിനുവിനോടും രാഹുലിനോടും വൈകുന്നേരം കളിക്കണം എന്ന് പറഞ്ഞത് എന്തുകൊണ്ട് ?

d) തഴുതാമയുടെ പ്രാധാന്യമെന്ത് ?

e) തവളയുടെ സംഭാഷണം കേട്ട് കുട്ടികൾ എന്താണ് തീരുമാനിച്ചത് ?

f) വിനു കൂട്ടുകാരെ വിളിച്ചു കാണിച്ചു കൊടുത്തത് എന്ത് ?

g) കൊതുകുകൾ പരത്തുന്ന അസുഖങ്ങൾ ഏതെല്ലാം ?

h) കണ്ണീരോടെ തള്ളക്കോഴി മറ്റു കുഞ്ഞുങ്ങളോട് പറഞ്ഞതെന്ത് ?

i) ക്യാൻസർ പോലെയുള്ള മാരക രോഗങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതെങ്ങനെ ?

j) കുറുക്കൻ കിങ്ങിണിയെ വഴിയിലിട്ട് ജീവനും കൊണ്ട് ഓടിയൊളിച്ചത് എന്തുകൊണ്ട് ?

k) തുളസി നമുക്ക് എങ്ങനെ ഉപകാരപ്രദമാകുന്നു ?

l) കിങ്ങിണിക്കുഞ്ഞിന് അരിമണികൾ ഇട്ടുകൊടുത്ത തള്ളക്കോഴിയോട് മറ്റു കോഴിക്കുഞ്ഞുങ്ങൾ പറഞ്ഞതെന്ത് ?

14) **ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**(5 x 2 = 10)**

റോഡപകടങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. 'ദൈവത്തിന്റെ സ്വന്തം നാടായ' കേരളത്തിൽ മിക്ക ദിവസങ്ങളിലും അപകട-

വാർത്തകളുമായാണ് നേരം പുലരുന്നത് തന്നെ. അശ്രദ്ധയും , റോഡിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് പല അപകടങ്ങൾക്കും കാരണം. റോഡ് വാഹനങ്ങൾക്കുള്ളതാണ്. കാൽനടയാത്രക്കാർക്കായാണ് നടപ്പാതകൾ നിർമിച്ചിട്ടുള്ളത്. റോഡിന്റെ വലതുവശം ചേർന്ന് മാത്രമേ നടക്കാവൂ. അപ്പോൾ എതിരെ വരുന്ന വാഹനങ്ങൾ കാണാൻ കഴിയും. റോഡിൽ കൂട്ടംകൂടി നടക്കുകയോ, കൈകോർത്ത് നടക്കുകയോ ചെയ്യരുത്. ഏത് നേരത്തും വേഗത്തിൽ വരാവുന്ന വാഹനങ്ങളെ അവഗണിക്കരുത്. റോഡിൽ തിരക്കുണ്ടെങ്കിലും ഇല്ലെങ്കിലും കുറുകെ മുറിച്ചുകടക്കുമ്പോൾ വളരെ ശ്രദ്ധിക്കണം.ആദ്യം വലതുവശത്തേയ്ക്കും പിന്നീട് ഇടതുവശത്തേയ്ക്കും വീണ്ടും വലതുവശത്തേയ്ക്കും നോക്കി വാഹനങ്ങൾ വരുന്നില്ല എന്ന് ഉറപ്പാക്കിയശേഷം മാത്രമേ മറുവശത്തേയ്ക്കു നടക്കാവൂ. റോഡ് മുറിച്ചു കടക്കാൻ വെളുത്തവരകൾ (സീബ്രാലൈൻ) ഉണ്ടെങ്കിൽ അവിടെവെച്ചു മാത്രം റോഡ് മുറിച്ചു കടക്കുക.ബസ്സിൽ കയറുമ്പോൾ ക്യൂ പാലിക്കുക. നടപ്പാതയിലാണ് റോഡിലല്ല ബസ് കാത്ത്നിൽക്കേണ്ടത്.വണ്ടി നിന്നശേഷമേ ഇറങ്ങുകയോ, കയറുകയോ ചെയ്യാവൂ.ബസ്സിലിരിക്കുമ്പോൾ കൈയും തലയും പുറത്തിടരുത്. വാതിൽപ്പടിയിൽ നിന്ന് യാത്ര ചെയ്യരുത്. നമ്മുടെ ശ്രദ്ധയാണ് അപകടങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നത്.

**<u>ചോദ്യങ്ങൾ</u>**

1) അപകടങ്ങൾക്ക് കാരണമെന്തെല്ലാം ?
2) ആർക്ക് വേണ്ടിയാണ് നടപ്പാതകൾ നിർമ്മിച്ചിരിക്കുന്നത് ?
3) റോഡ് മുറിച്ചുകടക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം ?
4) എവിടെ വെച്ചാണ് റോഡ് മുറിച്ചു കടക്കേണ്ടത് ?
5) അപകടങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുന്നതെന്താണ് ?

***